# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 3 March 2022 Rs. 15/-





www.ernakulamarchdiocese.org



# മംഗളവാർത്തതിരുനാൾ

## മാർച്ച് 25

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 65 Issue No. 3 March 2022 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. നോമ്പുകാല സന്ദേശം
13. സർക്കുലർ 01/2022 - ആഗോളസഭാ സിനഡ്
17. മദ്യവിരുദ്ധ ഞായർ (K.C.B.C.)
23. Engagements
24. കച്ചേരിക്കാര്യം
25. Transfers/Appointments
30. നിര്യാതരായി
35. വാർത്തകളും വിശേഷങ്ങളും
36. AICO
37. Department of Catechesis
40. Department of Family Apostolate
42. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
44. Department of Bible Apostolate
45. നൈപുണ്യ ഇന്റർനാഷണൽ
47. Department of Family Units
48. അതിരൂപതാ ഡയറി



**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 1-3-1935 |
| Fr. Thelakkat Xavier, East Cheranalloor | 1966 | 1993 | 1-3-2018 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 6-3-1985 |
| Fr. Puduchery Thomas, Edad | 1926 | 1955 | 7-3-2008 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 8-3-1964 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 8-3-1969 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 9-3-1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10-3-1966 |
| Fr. Maniamkot Varghese, Chethikode | 1872 | 1897 | 12-3-1950 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12-3-1955 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13-3-2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15-3-2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16-3-2005 |
| Fr. Kottakal Joseph, Kavaraparambu | 1935 | 1961 | 16-3-2021 |
| Fr. Edangarpilly Jacob, Kumbalam | 1882 | 1911 | 22-3-1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23-3-1942 |
| Fr. Thazhathu John, Kothavara | 1891 | 1919 | 23-3-1983 |
| Mar Antony Cardinal Padiyara, Manimala | 1921 | 1945 | 23-3-2000 |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24-3-2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24-3-2017 |
| Fr. Maniamkot John, Chethikode | 1880 | 1912 | 29-3-1945 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29-3-1997 |
| Fr. Chiramel George, Manjapra | 1916 | 1947 | 30-3-2010 |
| Fr. Malamel Gheevarghese, South Parur | 1854 | | 31-3-1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31-3-1950 |



# നോമ്പുകാല സന്ദേശം

**ഫ്രാൻസിസ് മാർപാപ്പ**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാ രഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു അനുയോജ്യമായ സമയമാണ്. 2022 -ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തനവിഷയമാക്കാം:*''നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം'' (ഗലാ 6:9-10).*

**1. വിതയ്ക്കുന്നതും കൊയ്യുന്നതും**

യേശുവിനു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്യലും എന്ന ചിത്രം (മത്താ 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്ത് നടത്തുന്ന ഒരു വിതയ്ക്കലി

നെകുറിച്ച്. ഏതാണ് നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും; നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള ഒരു പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള താത്പര്യം എന്നിവ മേൽകൈ നേടാറുണ്ട്; സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്; തന്റെ അറപ്പുരകളിൽ ശേഖരിച്ചുവച്ചിരുന്ന സമൃദ്ധകാലധാന്യവും വസ്തുക്കളും വഴി തന്റെ ജീവിതം സ്വസ്ഥവും സുരക്ഷിതവുമാണെന്നു അയാൾ കരുതി (ലൂക്കാ 12:16-21 കാണുക). മാനസാന്തരത്തിലേക്ക്, അഥവാ മനോഭാവവ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും സൗന്ദര്യവും എന്നത് സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാണെന്നും, കുന്നുകൂട്ടുന്നതിലുപരി വിതയ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം "മാനവകുടുംബത്തിൽ നന്മയുടെ വിത്തുകൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു" (Fratelli Tutti, 54). "സജീവവും ഊർജസ്വലവുമായ" (ഹെബ്ര 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ദൈവവചനശ്രവണം നമ്മെ അവിടത്തെ പ്രവൃത്തിയോട് തുറവും വിധേയത്വവും പുലർത്താൻ ഇടവരുത്തുകയും (യാക്കോ 1:21 കാണുക) നമ്മുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഇതു നമുക്കു വലിയ സന്തോഷം കൊണ്ടുവരുന്നു; അതിലുപരി നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുന്നു (1 കോറി 3:9 കാണുക). വർത്തമാനകാലത്തെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് (എഫേ 5:16 കാണുക), നമുക്ക് നന്മയുടെ വിത്തുകൾ വിതയ്ക്കാനാകും. നന്മയുടെ വിത്തുകൾ വിതയ്ക്കാനുള്ള വിളി ഒരു ഭാരമായി കണക്കാക്കാൻ പാടില്ല; അത് കൃപയാണ്; അതുവഴി സ്രഷ്ടാവ് തന്റെതന്നെ നിസ്സീമമായ നന്മയോട് സജീവമായി പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നു

കൊയ്ത്തിനെകുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും

കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: "അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും" (2 കോറി 9:6). എന്നാൽ, ഏതുതരം കൊയ്ത്തിനെകുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, "ഔദാര്യപൂർവമായ ഒരു യത്നവും" ഒരിക്കലും നഷ്ടപ്പെടുകയില്ല (*Evangelii Gaudium, 279* കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽ നിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16.20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:14–16 കാണുക) ക്രിസ്തുവിന്റെ സൗരഭ്യം ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക). പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കാണുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, "ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു" (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു: "നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകളുടെ നിഗൂഢ ശക്തിയിൽ പ്രത്യാശ വയ്ക്കുകയെന്നത് യഥാർത്ഥത്തിൽ ശ്രേഷ്ഠമായ കാര്യമാണ്; അങ്ങനെയാണ് മറ്റുള്ളവരാൽ ഫലം കൊയ്തെടുക്കപ്പെടുന്ന പ്രക്രിയകൾ ആരംഭിക്കുന്നതും" (Fratelli Tutti, 196). മറ്റുള്ളവരുടെമേൽ ഉന്നംവച്ചുള്ള നന്മയുടെ വിതയ്ക്കൽ ഇടുങ്ങിയ സ്വാർഥ താത്പര്യത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്നു; അത് നമ്മുടെ പ്രവൃത്തികളിൽ സൗജന്യഭാവം സന്നിവേശിപ്പിക്കുന്നു; അത് നമ്മെ ദൈവത്തിന്റെ ദയാവാർപ്പാർന്ന പദ്ധതിയുടെ പ്രൗഢോജ്ജ്വലമായ ചക്രവാളത്തിന്റെ ഭാഗഭാക്കാക്കുന്നു.

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും: യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാണെന്നു അത് നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിനത്തിലെ, അവ

സാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, "നിത്യജീവന്റെ ഫലമാണ്" (യോഹ 4:36); അത് നമ്മുടെ "സ്വർഗത്തിലുള്ള നിക്ഷേപമാണ്" (ലൂക്കാ 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്നതിനായി നിലത്തുവീണ് അഴിയുന്ന വിത്തിനെകുറിച്ചുള്ള സൂചന തന്റെതന്നെ മരണത്തിന്റെയും ഉയിർപ്പിന്റെയും അടയാളമായി യേശുതന്നെയും ഉപയോഗപ്പെടുത്തുന്നുണ്ട് (യോഹ 12:24 കാണുക). വിശുദ്ധ പൗലോസാകട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നു: "ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെങ്കിൽ, ആത്മീയശരീരവുമുണ്ട്" (1 കോറി 15:42 -44). ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഉത്ഥിതനായ ക്രിസ്തുലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം. എന്തെന്നാൽ, "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ നാം പ്രത്യാശ വച്ചവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ. എന്നാൽ നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു" (1 കോറി 15:19-20). അവനുമായി സ്നേഹത്താൽ അഭേദ്യമായി ഒന്നായിത്തീർന്നതുവഴി, "അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചെങ്കിൽ" (റോമാ 6:5), നിത്യജീവനുവേണ്ടിയുള്ള ഉയിർപ്പിലും നാം അവനോട് ഏകീഭവിച്ചിരിക്കും (യോഹ 5:29 കാണുക). "അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (മത്താ 13:43).

## 2. "നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ"

ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഭൗമികമായ പ്രത്യാശകളോടൊപ്പം നിത്യജീവന്റെ "വലിയ പ്രത്യാശ"യെയും ചൈതന്യവത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തുവിതയ്ക്കുന്നു (Benedict XVI, *Spe Salvi*, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതുവഴിയായുള്ള കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെകുറിച്ചുള്ള ഉത്കണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീ

യതയിൽ അഭയം തേടാനും അന്യരുടെ സഹനങ്ങളോട് നിസ്സംഗത യോടെ പെരുമാറാനുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തിയെന്നുവരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യഥാർഥ്യം: "യുവാക്കൾപോലും തളരുകയും ക്ഷീ ണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം" (ഏശ 40: 30). എന്നാൽ ദൈവം "തളർന്നവന് ബലം നല്കുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയിക്കു ന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറ കടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരു കയുമില്ല"(ഏശ 40:29,31). നമ്മുടെ വിശ്വാസവും പ്രത്യാശയും കർത്താ വിലർപ്പിക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു (1 പത്രോ 1:21 കാണുക). എന്തെന്നാൽ, ഉത്ഥിതനായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചെങ്കിൽ മാത്രമേ (ഹെബ്രാ 12:2 കാണുക), "നന്മ ചെയ്യുന്ന തിൽ നമുക്കു ഒരിക്കലും മടുപ്പുതോന്നാതിരിക്കാം" (ഗലാ 6:9) എന്ന അപ്പസ്തോലന്റെ ആഹ്വാനത്തിനു പ്രത്യുത്തരം നല്കാനാകു.

***പ്രാർത്ഥിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ.*** "ഭഗ്നാശരാ കാതെ എപ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ 18:1) എന്ന് യേശു നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർത്ഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവ ത്തെ ആവശ്യമുണ്ട്. നമുക്കുപരി നമുക്കു മറ്റൊന്നും കൊണ്ട് ആവശ്യ മില്ല എന്ന് കരുതുന്നത് ഒരു അപകടകരമായ മിഥ്യാധാരണയാണ്. കോവിഡ്-19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർ ബ്ബല്ല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെങ്കിൽ ഈ വർഷത്തെ ത പസ്സുകാലം ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാത മാക്കുന്ന സമാശ്വാസവും അനുഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെ ക്കൂടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ലല്ലോ (ഏശ 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചി യിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നി ശ്ചയമായും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല; എന്തെന്നാൽ, യേശുക്രിസ്തുവിന്റെ പെസഹാരഹസ്യം മാത്രമാണ് മ രണത്തിന്റെ ഇരുണ്ട ജലപ്രവാഹത്തിന്റെമേൽ വിജയം വരിക്കുന്നത്. യഥാർഥത്തിൽ ജീവിതത്തിന്റെ ഭാരങ്ങളിലും അനർഥങ്ങളിലുംനിന്നു വിശ്വാസം നമ്മെ ഒഴിവാക്കുന്നില്ല, എന്നാൽ ക്രിസ്തുവിൽ ദൈവത്തോ

ട് ചേർന്നുനിന്നുകൊണ്ട് അവ അഭിമുഖികരിക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു; നമ്മെ നിരാശരാക്കാത്ത വലിയ പ്രത്യാശ വഴിയാണത്; അതിന്റെ അച്ചാരം പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് (റോമ 5:15 കാണുക).

***നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദുരീകരിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിക്കട്ടെ.*** നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരിരികമായ ഉപവാസം പാപത്തിനെതിരേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണതനാകുന്നില്ല എന്നു അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കുദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്കു മടുപ്പുതോന്നതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്കു നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു (Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്കമാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തിക്ഷയിപ്പിക്കുന്നു. ഈ പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti, 43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും "ആധികാരികവുമായ കണ്ടുമുട്ടലുകൾ" (Fratelli Tutti, 50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

***അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ.*** ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കികൊണ്ട് നമുക്കു ദാനധർമ്മം പരിശീലിക്കാം (2 കോറി 9:7 കാണുക). "വിതക്കാനരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന" (2 കോറി 9:10) ദൈവം നമുക്കു ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്കു ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്കു ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്തബന്ധപ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരി

ക്കേറ്റവരായി കിടക്കുന്ന സഹോദരീസഹോദരന്മാരിലേക്കു എത്തിനില്കുന്നതിലും (ലൂക്കാ 10, 25-37 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്കു പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല, മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം; അത് അവരെ അവഗണിക്കാനുള്ള നേരമല്ല, പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്കു ഒരു നല്ല വാക്കു നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല, മറിച്ച് സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്കു പരിശീലിക്കാം, അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്കു സമയം കണ്ടെത്താം (Fratelli Tutti, 193 കാണുക).

### 3. "നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്കു കൊയ്ത്തു നടത്താം".

'നന്മ, അതോടൊപ്പം സ്നേഹം, നീതി, ഐക്യധാർഢ്യം എന്നിവ ഒറ്റയടിക്ക് നേടാവുന്നതല്ല; അവ ഒരോ ദിവസവും യാഥാർഥ്യമാക്കപ്പെടേണ്ടതാണ്" (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനില്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാണുക) നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്, കാരണം അവിടുന്ന് "മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്" (ഏശ 55:7). മാനസാന്തരത്തിന്റെ ഈ കാലഘട്ടത്തിൽ ദൈവിക കൃപയാൽ പരിപോഷിതരായി, സഭാ കൂട്ടായ്മയിൽ ചേർന്നുനിന്നുകൊണ്ട്, നന്മ ചെയ്യുന്നതിൽ നമുക്കു പരിക്ഷീണിതരാകാതിരിക്കാം. ഉപവാസത്താലാണ് നിലം ഒരുക്കപ്പെടുന്നത്, പ്രാർത്ഥനവഴി അത് നനയ്ക്കപ്പെടുകയും ഉപവിയാൽ സമ്പുഷ്ടമാക്കപ്പെടുകയും ചെയ്യുന്നു.

"നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്കസമയത്ത് നമുക്കു കൊയ്ത്ത് നടത്താം" എന്നു നമുക്കു ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്കു ലഭ്യമാകും എന്നും (ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്കു വിശ്വസിക്കാം. . എല്ലാവരോടും സഹോദരസ്നേഹം പാലിക്കുന്നതുവഴി നമുക്കുവേണ്ടി തന്റെ ജീവൻ നല്കിയ (2 കോറി 5:14-15 കാണുക) ക്രിസ്തുവുമായി നാം ഐക്യപ്പെടുന്നു; അങ്ങനെ, ദൈവം "എല്ലാറ്റിലും എല്ലാം ആകുംവിധം" (1 കോറി 15:28), സ്വർഗരാജ്യത്തിന്റെ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു നല്കപ്പെടുകയും ചെയ്യുന്നു.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, "എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും" (ലൂക്കാ 2:19) ചെയ്ത കന്യകമറിയം ക്ഷമയുടെ ദാനം നമുക്കു വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യംവഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.

2021 നവംബർ 11-ാംതീയതി മെത്രാനായ വിശുദ്ധ മാർട്ടിന്റെ സ്മരണാദിനത്തിൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽ നിന്നു നല്കപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Ref: 3669/K-5/KCBC/OL/DS 28-02-2022

**സർക്കുലർ: 01/2022**

# ആഗോളസഭാ സിനഡ്

## "ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം"

മിശിഹായിൽ പ്രിയ വൈദികരേ, സന്ന്യസ്തരേ, സഹോദരി സഹോദരന്മാരേ,

ഈശോയുടെ പീഡാനുഭവ-മരണ-ഉത്ഥാന രഹസ്യങ്ങളെ ധ്യാനിക്കുന്ന വലിയ നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കോവിഡ് ക്ലേശങ്ങളെല്ലാം സാവധാനം അതിജീവിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ വിശ്വാസ ജീവിതവും സാമൂഹ്യ ബന്ധങ്ങളും ആഴമായ വിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. യേശു തന്റെ പരസ്യജീവിതത്തിനിടയിൽ, മറ്റുള്ളവർ തന്നെക്കുറിച്ച് എന്താണ് പറയുന്നതെന്ന് ശിഷ്യന്മാരോട് ചോദിച്ചറിയുന്നുണ്ട്. നമ്മുടെ ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് ഇത്തരമൊരു അന്വേഷണം നമ്മളും നടത്തേണ്ടതല്ലേ? നമ്മുടെ കുടുംബങ്ങളുടേയും സ്ഥാപനങ്ങളുടേയും ക്രിസ്തീയത ഇന്ന് പലരും ചോദ്യം ചെയ്യുന്നുണ്ട്. സമൂഹത്തിൽ ക്രിസ്തുവിന്റെ പരിമളമാകാൻ വിളിക്കപ്പെട്ട നമ്മുടെ ജീവിതത്തിലെ വിവിധ തിരഞ്ഞെടുപ്പുകളുടെ മാനദണ്ഡങ്ങളും ശൈലികളും സുവിശേഷാത്മകമാണെന്ന് ഉറപ്പിച്ചു പറയാനാകുമോ? 2023 ഒക്ടോബർ മാസം റോമിൽ നടക്കുന്ന സിനഡു സമ്മേളനത്തിന് ഒരുക്കമായി സിനഡാലിറ്റി എന്ന വിഷയം എല്ലാ പ്രാദേശിക സഭകളിലും ചർച്ച ചെയ്യണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ, ആഴമാർന്ന ആത്മപരിശോധനയ്ക്കുള്ള അവസരമായി ഈ നോമ്പുകാലത്തെ നമുക്കു മാറ്റാം.

ആഗോളസഭയിൽ നടന്നുകൊണ്ടിരിക്കുന്ന സിനഡൽ പ്രക്രിയയുടെ ഭാഗമായി നമ്മുടെ അതിരൂപതയിലും വിവിധ തലങ്ങളിൽ ചർച്ചകൾ ആരംഭിക്കുകയാണ്. സിനഡിന്റെ വിഷയം "ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം" എന്നതാണ്. സഭയുടെ സിനഡൽ സ്വഭാവമാണ് മുഖ്യ ചർച്ചാവിഷയം. ഒരുമിച്ച് ഒരേ ദിശയിലുള്ള സഞ്ചാരം എന്ന അർത്ഥമാണ് സിനഡ് എന്ന പദത്തിനുള്ളത്. ക്രിസ്തുവിനോടൊപ്പം പിതാവിലേക്ക് തീർത്ഥാടനം ചെയ്യുന്ന സഭയുടെ അടിസ്ഥാന പ്രകൃതമാണ് സിനഡാത്മകത. ഒരു സഭാസമൂ

ഹമെന്ന നിലയിൽ എല്ലാവരും ഒരുമിച്ച് ഒരേ ദിശയിൽ സഞ്ചരിക്കേണ്ടവരാണ്. നമ്മുടെ പ്രാദേശിക സഭയിൽ (ഇടവക, ഫൊറോന, അതിരൂപത) എങ്ങനെയാണ് ഒരുമിച്ചുള്ള സഞ്ചാരം നടക്കുന്നത് എന്ന അടിസ്ഥാനപരമായ ചോദ്യമാണ് ചർച്ച ചെയ്യപ്പെടേണ്ടത്. സഞ്ചാരത്തിലെ സഹകാരികൾ എന്ന നിലയിൽ, നമ്മുടെ ഇടവകയിൽ ഒരേ ലക്ഷ്യത്തിനു വേണ്ടി ഒന്നിച്ചു നീങ്ങുന്നവർ എന്ന അനുഭവം നമുക്കുണ്ടോ? കൂട്ടായ്മയ്ക്കു പകരം വ്യത്യസ്ത ഗ്രൂപ്പുകളായാണോ നാം സഞ്ചരിക്കുന്നത്? നമുക്കിടയിലുള്ള ഐക്യത്തെയും പങ്കാളിത്ത മനോഭാവത്തെയും പ്രേഷിതചൈതന്യത്തെയും കുറിച്ച് പരിശുദ്ധാത്മാവ് എന്തു പറയുന്നു എന്നു തിരിച്ചറിയുകയെന്നതാണ് സിനഡൽ സമ്മേളനങ്ങളുടെ ലക്ഷ്യം. വൈദികരും സന്ന്യസ്തരും അത്മായരും വിവിധ തലങ്ങളിൽ സമ്മേളിച്ച് പരസ്പരം ശ്രവിക്കുന്നതു വഴി കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും വളരാനുള്ള ഒരു പരിശീലനം എല്ലാവർക്കും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഫ്രാൻസിസ് മാർപാപ്പയുടെ അഭിപ്രായത്തിൽ, ഒരു സിനഡാത്മകസഭയുടെ ആദ്യത്തെ ലക്ഷണം പരസ്പരം കേൾക്കാനുള്ള സന്നദ്ധതയാണ്. ദൈവത്തിന്റെ സഭ ദൈവത്തെ കേൾക്കണം. ദൈവജനമായ സഭ മനുഷ്യരെ കേൾക്കണം. നാം നമുക്കു ചുറ്റുമുള്ളവരെ ശ്രവിക്കണം. എല്ലാവരിലൂടെയും, പ്രത്യേകിച്ച് എളിയവരിലൂടെ സംസാരിക്കുന്ന പരിശുദ്ധാത്മാവിനെയാണ് അതുവഴി നാം ശ്രവിക്കുന്നത്. മനോഭാവങ്ങളും ശൈലികളും മാറാതെ ഇതു സാധ്യമാകില്ല. ഒപ്പം നിൽക്കുന്നവരെയും പ്രിയപ്പെട്ടവരെയും മാത്രം കേട്ടാൽ പോരാ; നമ്മോട് വിയോജിക്കുന്നവരെയും വ്യത്യസ്താഭിപ്രായങ്ങൾ പുലർത്തുന്നവരെയും കൂടി കേൾക്കണം. വിശുദ്ധ പൗലോസ് ശ്ലീഹ തെസലോനിക്കയിലെ വിശ്വാസികളോടു പറയുന്നതുപോലെ, എല്ലാം പരിശോധിച്ചു നോക്കുവാനും നല്ലവയെ മുറുകെപ്പിടിക്കാനുമുള്ള മനസ്സാണ് നമുക്ക് വേണ്ടത് (1 തെസ. 5:21).

കേൾക്കുന്നവയിൽ നിന്നും ദൈവത്തിന്റെ സ്വരം തിരിച്ചറിയലാണ് സിനഡാത്മകശൈലിയിൽ വളരാൻ വേണ്ട രണ്ടാമത്തെ കാര്യം. ഇതിനു വിവേചനത്തിന്റെ വരം നമുക്കാവശ്യമാണ്. അനുവദനീയമായതെല്ലാം ഉപകാരപ്രദമാകണമെന്നില്ല (1 കൊറി. 10:23). ഭൂരിപക്ഷം പറയുന്നതെല്ലാം ശരിയാകണമെന്നില്ല. ദൈവം എന്താഗ്രഹിക്കുന്നു എന്നതാണ് മുഖ്യം. നിർമ്മലമായ മനസാക്ഷിയോടെ ദൈവവചനത്തെയും ദൈവജനത്തെയും കേൾക്കുക; കേട്ട കാര്യങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം നിശബ്ദമായി പര്യാലോചിക്കുക. അപ്പോൾ നമ്മുടെ മനഃസാക്ഷിക്ക് വിവേചനത്തിന്റെ വരം ദൈവം നൽകും.

കാര്യങ്ങളറിയാനുള്ള കൗതുകമല്ല മറ്റുള്ളവരെ കേൾക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്. എന്റെ തോന്നലുകൾക്കപ്പുറം മറ്റുള്ളവരുടെ അധരങ്ങളിലൂടെ സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള തീവ്രമായ ആഗ്രഹമാണ് നമ്മെ നയിക്കേണ്ടത്. പരസ്പരശ്രവണത്തിലൂടെയും വചനാധിഷ്ഠിതമായ പ്രാർത്ഥനയിലൂടെയും തിരിച്ചറിയുന്ന ദൈവഹിതം നടപ്പിലാക്കാനുള്ള സന്നദ്ധതയാണ് സിനഡാത്മക സഭയുടെ മൂന്നാമത്തെ സവിശേഷത. വിവേചനവരത്തിലൂടെ നമ്മുടെ മനസാക്ഷിക്ക് ലഭിച്ച ദൈവഹിതത്തെ ദൃഢനിശ്ചയത്തോടെ നടപ്പിൽ വരുത്തുന്നതിന് ആഴമായ വിശ്വാസവും നീതിബോധവും നാം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. "ദൈവഹിതം നടക്കും; നടത്തും" എന്ന വിശുദ്ധ ചാവറയച്ചന്റെ ദൃഢനിശ്ചയം നമുക്കു മാതൃകയാണ്.

നമ്മുടെ അതിരൂപതയിൽ സിനഡൽ സമ്മേളനങ്ങൾ നടത്താൻവേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. അതിരൂപതാതല സിനഡൽ സമ്മേളനങ്ങൾ സംഘടിപ്പിക്കാൻ ഒരു അതിരൂപതാ സിനഡൽ ടീമും വിവിധ തലങ്ങളിലെ സംഘാടകർക്ക് പരിശീലനം നൽകാൻ ഒരു റിസോഴ്സ് ടീമും ചർച്ചകളിൽനിന്ന് ഉരുത്തിരിയുന്ന ആശയങ്ങൾ സമന്വയിപ്പിക്കാൻ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയും നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഇടവക, ഫൊറോന, അതിരൂപത തലങ്ങളിലാണ് പ്രാദേശിക സിനഡ് സമ്മേളനങ്ങൾ നടത്താൻ നാം ഒരുങ്ങുന്നത്. സമാന്തരമായി, സംഘടനകളിലും സമിതികളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും സിനഡൽ ചർച്ചകൾ നടത്തേണ്ടതാണ്. ഇവയ്ക്കുപുറമെ അകത്തോലിക്കാ സഭാംഗങ്ങൾ, ഇതരമതാനുയായികൾ, പൊതുപ്രവർത്തകർ, മാധ്യമപ്രവർത്തകർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ തുടങ്ങിയവരെയും ശ്രവിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ചർച്ചാ സമ്മേളനങ്ങളുടെ ക്രമീകരണവും അതിന്റെ വിഷയങ്ങളും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിങ്ങളെ അറിയിക്കും. ഈ നോമ്പുകാലത്തു തന്നെ ഇടവകതലത്തിലുള്ള സിനഡൽ സമ്മേളനങ്ങൾ നടത്തേണ്ടതാണ്. സമ്മേളനങ്ങളിൽ എല്ലാവരും സജീവമായി പങ്കെടുക്കാൻ ശ്രമിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

പരസ്പരം ശ്രവിച്ച് എല്ലാവരും ഒരുമിച്ച് ഒരേ ദിശയിൽ സഞ്ചരിക്കുന്ന സിനഡാത്മകശൈലി സഭയിൽ സ്ഥിരമായി നിലനിർത്തണമെന്നാണ് ഫ്രാൻസിസ് മാർപാപ്പ ആഗ്രഹിക്കുന്നത്. ഒറ്റയ്ക്കു നടന്നിരുന്നവർ, സത്യത്തിന്റെ പാതയിൽ ഒരുമിച്ചു നടക്കാനുള്ള പരിശ്രമങ്ങൾ വലിയ പരിത്യാഗം ആവശ്യപ്പെടുന്നുണ്ട്. ഔദ്ധത്യം വെടിഞ്ഞാലേ കുടുംബ

ത്തിലും സഭയിലും സമൂഹത്തിലും കരുണയോടെ കേൾക്കാനും ഹൃദ്യമായി സംസാരിക്കാനും കഴിയുകയുള്ളൂ. ഇങ്ങനെ കേൾക്കാനും വിവേചിച്ചറിയാനും ദൈവഹിതം നടപ്പിലാക്കാനുമുള്ള പരിശ്രമം അതിരൂപതയ്ക്ക് ഒരുമിച്ചു നടക്കാൻ വേണ്ട ആത്മീയ കരുത്ത് പകരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

.........................................

N.B.: ഈ സർക്കുലർ **2022 മാർച്ച് 13-ാം തീയതി** ഞായറാഴ്ച കുർബാനമദ്ധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കേണ്ടതുമാണ്.

---

# Social Media Apostolate

മാറിവരുന്ന കാലത്തിന്റെ അനിവാര്യതയായി സാമൂഹിക സമ്പർക്ക മാധ്യമരംഗത്ത് അതിരൂപതയ്ക്ക് തനതായ കാല്വയ്പ്പുകൾ നടത്തേണ്ടതുണ്ട്. അതിനാൽ, നിലവിലുള്ള മീഡിയാ പ്രവർത്തനങ്ങൾക്കു പുറമെ, ഒരു പുതിയ സംരംഭം മാധ്യമരംഗത്ത് നമ്മൾ ആരംഭിക്കുകയാണ്.

എറണാകുളം-അങ്കമാലി മേജർ അതിരൂപതയിലെ അജപാലനപരവും ദൈവശാസ്ത്രപരവുമായ തനതുനിലപാടുകളെ മാധ്യമങ്ങളിലൂടെ ഉയർത്തിപ്പിടിക്കുവാനും സുവിശേഷാത്മകമായി ശബ്ദമില്ലാത്തവരുടെ ശബ്ദമാകുവാനും വേണ്ടിയാണ് ഈ അപ്പസ്തോലേറ്റ് നിലകൊള്ളുക. ഈ അപ്പസ്തോലേറ്റിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ബ. സജോ പടയാട്ടിൽ അച്ചനും (ഡയറക്ടർ), ബ. പെറ്റ്സൺ തെക്കിനേടത്ത് അച്ചനും (അസി. ഡയറക്ടർ) നേതൃത്വം നൽകുന്നതാണ്.

**ഫാ. ജോസ് പുതിയേടത്ത്**
**സിഞ്ചെല്ലൂസ്**

Ref: 3632 /K-5/KCBC/OL/DS 01-02-2022

# മദ്യവിരുദ്ധ ഞായർ

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, സന്യാസസഹോദരരേ, മിശിഹായിൽ വിശ്വാസികളെ,

2022 ലെ ഈ വലിയ നോമ്പുകാലത്ത് മാർച്ച് 20 മദ്യവിരുദ്ധ ഞായർ ആയി കേരളകത്തോലിക്കാസഭ ഒന്നടങ്കം ആചരിക്കുകയാണ്. മദ്യവും മയക്കുമരുന്നും മനുഷ്യ സമൂഹത്തിൽ ഉണ്ടാക്കുന്ന മഹാ വിപത്തിനെതിരെ പ്രതികരിക്കാനും ജനങ്ങളെ ബോധവല്ക്കരിക്കാനുമുള്ള നമ്മുടെ ദൗത്യം നിറവേറ്റുന്നതിന് ഇത് അവസരമൊരുക്കുന്നു. ഇത്തരം ദിനാചരണവും ലഹരി വിരുദ്ധ ബോധവല്ക്കരണവും ലോകാരോഗ്യസംഘടനതന്നെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്. ഈ കഴിഞ്ഞ ക്രിസ്തുമസ്- നവവത്സരാഘോഷങ്ങളുടെ പേരുംപറഞ്ഞ് 138 കോടി മദ്യം കുടിച്ചു തീർത്തവരാണ് സമ്പൂർണ സാക്ഷരരെന്നഭിമാനിക്കുന്ന കേരള ജനത. ഇക്കൂട്ടത്തിൽ ഒട്ടുംകുറവല്ലാത്ത ഒരുവിഭാഗം നമ്മുടെ മക്കളാണ് എന്നത് നമ്മുടെ കണ്ണുതുറപ്പിക്കണം. പലപ്പോഴും മദ്യവിരുദ്ധ പ്രസ്ഥാനക്കാരുടെ പ്രധാന പ്രവർത്തനം സർക്കാരിന്റെ മദ്യനയത്തെ വിമർശിക്കലാണ്. തീർച്ചയായും ഭരിക്കുന്നവരുടെ വികലവും ജനദ്രോഹപരവുമായ നടപടികളെ നാം അപലപിക്കണം. എന്നാൽ അതിലും പ്രധാനപ്പെട്ടതാണ് സഭാമക്കൾ മദ്യവും മയക്കുമരുന്നുകളും ഉപേക്ഷിക്കണമെന്ന് ഊന്നിപ്പറയുക എന്നുള്ളത്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം സാമൂഹ്യതിന്മകളാണെന്നും ക്രിസ്തീയജീവിതശൈലിക്ക് നിരക്കാത്തതാണെന്നും ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഈ ഇടയലേഖനം.

ക്രൈസ്തവവിശ്വാസവും ക്രിസ്തീയ ധാർമ്മികതയും വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടവയാണ്. രണ്ടിന്റെയും അടിസ്ഥാനം ബൈബിളും സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളുമാണ്. സൂനഹദോസുകളുടെ തീരുമാനങ്ങൾക്കും വിശുദ്ധരുടെ ജീവിതമാതൃകകൾക്കും നമ്മുടെ വിശ്വാസ ജീവിതത്തിൽ വലിയസ്ഥാനമുണ്ട്.

1. **ബൈബിൾ:** നമ്മെ വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവവചന സമാഹാരമായ ബൈബിളിൽ മദ്യപാനത്തെ കുറ്റപ്പെടുത്തുന്ന 80-ൽ കൂടുതൽ തിരുമൊഴികളുണ്ട്. "വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല" (സുഭാഷിതങ്ങൾ 20.1). സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത് (റോമാ13.13). വചന വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മദ്യപിക്കുന്നവർ ചെറുതോ വലുതോ ആയ അളവിൽ ദൈവവചനത്തെ ലംഘിക്കുന്നു.

2. **സഭാപഠനങ്ങൾ:** കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2290, 2291 എന്നിവ മദ്യവും മയക്കുമരുന്നുകളും ഗൗരവമായ കുറ്റവും നാശവുമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ആരോഗ്യം പരിപോഷിപ്പിക്കുന്നതിനെക്കുറിച്ചാണ് നമ്പർ 2288-ൽ പ്രതിപാദിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മനുഷ്യനിലെ സ്നേഹഭാവവും ദൈവികച്ഛായയും തകർത്തെറിയും. ഒരിക്കലും ഒരുവിശ്വാസി അവയെ താലോലിക്കരുത്.

3. **പുണ്യചരിതരുടെ സദുപദേശങ്ങൾ:** വിശുദ്ധരുടെ തിരുനാളുകൾ കൊണ്ടാടുവാൻ സഭാമക്കൾക്ക് ഏറെ സന്തോഷമാണ്. നമ്മുടെ ചർച്ചാവിഷയവുമായി ബന്ധപ്പെട്ട ഏതാനും മാതൃകാ വ്യക്തികളുടെ സന്ദേശങ്ങളും സാക്ഷ്യങ്ങളും ഇവിടെ പ്രസക്തമാണ്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിന്റെ കടലോരങ്ങളിൽ സുവിശേഷ വേലചെയ്ത വി. ഫ്രാൻസീസ് സേവ്യർ അക്കാലത്ത് ഇവിടെ സർവ്വസാധാരണമായിരുന്ന മദ്യപാനത്തെ നഖശിഖാന്തരം എതിർത്തിരുന്നു. നവോത്ഥാന നായകനും സി.എം.ഐ സഭാസ്ഥാപകനുമായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ വാക്കുകളിൽ, മദ്യപാനം ലോകത്തിന്റെ മുമ്പാകെ അപമാനമുള്ളതും തമ്പുരാന്റെ മുമ്പിൽ എത്രയും ദോഷമുള്ളതുമാണ്. ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനും SABS സന്യാസസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവ് പ്രസ്താവിച്ചു: മദ്യം എന്ന വിഷം മനുഷ്യനുള്ളിൽ പ്രവേശിച്ചാൽ അത് കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും അനർത്ഥങ്ങളും എന്തുമാത്രമെന്ന് പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല. തൃശ്ശൂർ രൂപതയുടെ ഒന്നാമത്തെ മെത്രാനായ അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് 1891 മീനമാസത്തിലെ ഇടയലേഖനത്തിൽ മദ്യപാനം വരുത്തിവയ്ക്കുന്ന വൻദുരന്തങ്ങൾ വിശദീകരിച്ചുകൊണ്ട് മദ്യപാനികളും മദ്യവില്പനക്കാരും അബ്ക്കാരികളും ഇതിൽ

നിന്ന് പിന്തിരിയണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. തിരുക്കുടുംബ സന്യാസസമൂഹസ്ഥാപകയായ വിശുദ്ധ മറിയം ത്രേസ്യ വീടുവീടാന്തരം കയറിയിറങ്ങി മദ്യപാനികളെ തേടുകയും അവരെ നവീകരിക്കുകയും ചെയ്തിരുന്നു. സി.എം.സി. സഭാംഗമായ വി. എവുപ്രാസ്യ മദ്യപാനികളുടെ ഭാര്യമാരെ സാന്ത്വനിപ്പിക്കുകയും മദ്യവിമുക്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മലബാറിന്റെ മോസസ് എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് അരനൂറ്റാണ്ടുകാലം മദ്യവിപത്തിനെതിരെ പടപൊരുതി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനി, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ചുബിഷപ്പ് അഭിവന്ദ്യനായ സൂസൈപാക്യം ഇവരൊക്കെ മദ്യം - മയക്കുമരുന്ന് ഇവയുണ്ടാക്കുന്ന വിപത്തുകളെ പൊതുസമക്ഷം നഖശിഖാന്തം എതിർത്ത് മാതൃക നൽകിയവരാണ്. ദീപ്തമായ ഈ മാതൃകകൾ നമുക്ക് വഴിവെട്ടം പകരട്ടെ.

മദ്യവും മയക്കുമരുന്നുകളും വരുത്തിവയ്ക്കുന്ന കുടുംബകലഹങ്ങൾ, തകർച്ചകൾ, വാഹനാപകടങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഇവയൊക്കെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? നാടിനെയും വീടിനെയും വ്യക്തികളെയും നശിപ്പിക്കുന്ന ഈ തിന്മകൾക്കെതിരെ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. മദ്യമുക്തമായ സഭയും സമൂഹവുമെന്ന പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം അദ്ധ്വാനിക്കാം, പ്രാർത്ഥിക്കാം. ലഹരിവിരുദ്ധമായ തിരുവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. ലഹരിവിരുദ്ധമായ സഭാപഠനങ്ങൾ നമുക്ക് നെഞ്ചിലേറ്റാം. ഒരുകാരണവശാലും നമ്മുടെ വീടുകളെ മദ്യപാനപരിശീലന കളരികളാക്കില്ലെന്ന് പ്രതിജ്ഞയെടുക്കാം. അടുത്ത തലമുറയെക്കരുതിയെങ്കിലും ഈ സാമൂഹ്യതിന്മയ്ക്കെതിരെ ശക്തമായ നിലപാടുകളെടുത്ത് മുന്നോട്ട് നീങ്ങാൻ സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ! സമൂഹത്തെ മദ്യാസക്തിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എല്ലാവരും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നല്കാൻ മുന്നോട്ടുവരണം.

2022 മാർച്ച് 20-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ.**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

പി.ഒ.സി., കൊച്ചി
കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

---

## ഏകദിന ദൈവവിളി ക്യാമ്പ് 2022

സ്നേഹ ബ. വികാരിയച്ചന്മാരേ,


നമ്മുടെ അതിരൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികനാകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഒരു ഏകദിന ദൈവവിളി ക്യാമ്പ് മാർച്ച് 13-ാം തീയതി ഞായറാഴ്ച നടത്തുവാൻ ആഗ്രഹിക്കുന്നു. താല്പര്യമുള്ള കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. SSLC, Plus two, Degree and above കഴിഞ്ഞ കുട്ടികളുടെ പേരും ഫോൺ നമ്പറും വെക്കേഷൻ പ്രമോട്ടറെ (Whatsapp no. 9744876897) അറിയിക്കുമല്ലോ.

സ്ഥലം: തിരുഹൃദയ മൈനർ സെമിനാരി, തൃക്കാക്കര.
സമയം: 9. 30am- 3.30pm
(വിശുദ്ധ കുർബാന ഉണ്ടായിരിക്കും)

ഫാ. ജോമോൻ മാടവനക്കാട്
വൊക്കേഷൻ പ്രൊമോട്ടർ

# അഭിവന്ദ്യ പടിയറ പിതാവിന്റെ 22–ാം ചരമവാർഷികം

(മാർച്ച് 23)




മാർച്ച് 23-ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ ആന്റണി പടിയറ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ 11–ാം ചരമവാർഷികം


(ഏപ്രിൽ 1)



ഏപ്രിൽ 01–ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ വർക്കി വിതയത്തിൽ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## MARCH 2022

| | | | |
|---|---|---|---|
| 07 | am | Online Meeting | Seminary Commission Members |
| 10 | am | Thrikkakkara | Bharata Mata College, Commemoration of Cardinal Joseph Parecattil |
| 18 | am | Choondy | CSN Generalate - Platinum Jubilee Celebrations |
| 19 | pm | Basilica, Ekm. | Feast of St. Joseph |
| 27 | pm | Renewal Centre | Prize distribution of Logoz Quiz |

* * * * *

## മുൻ വർഷത്തെ തിരട്ട്

മുൻ വർഷത്തെ തിരട്ട് ഏല്പിക്കാത്ത ഏതാനും പള്ളികൾകൂടിയുള്ളതായി മനസ്സിലാക്കുന്നു. എത്രയും വേഗം കണക്കുകൾ പാസ്സാക്കി തിരട്ടും അനുബന്ധ കണക്കുകളും അതിരൂപതാ ഫിനാൻസ് ഓഫീസിൽ സമർപ്പിക്കാൻ ബ. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ**
**ഫിനാൻസ് ഓഫീസർ**

# കച്ചേരിക്കാര്യം

## അതിരൂപതാ പാസ്റ്ററൽ കൗൺസിൽ 2018 – 2021

കോവിഡ് 19-ന്റെ സാഹചര്യത്തിൽ, പുതിയ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കാത്തതിനാൽ 'അതിരൂപതാ അജപാലന സമിതി 2018-2021' -ന്റെ കാലാവധി **2022 സെപ്റ്റംബർ 30 വരെ** ഇതിനാൽ ദീർഘിപ്പിച്ചിരിക്കുന്നു.

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

---

## ഇൻകം ടാക്സ്

പള്ളികളുടെയും സ്ഥാപനങ്ങളുടെയും നിലവിലുള്ള 12A രജിസ്ട്രേഷനുകളുടെ കാലാവധി **2022 മാർച്ച് 31-ന്** അവസാനിക്കുകയാണ്. ഇനിയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലാത്ത പള്ളികളും സ്ഥാപനങ്ങളും ഉടൻ തന്നെ രജിസ്ട്രേഷൻ പുതുക്കേണ്ടതും, സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പി അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്. രജിസ്ട്രേഷൻ പുതുക്കാത്തപക്ഷം ഇൻകം ടാക്സ് ഇളവുകൾ നഷ്ടമാകുകയും, മുഴുവൻ വരുമാനത്തിനും ടാക്സ് നൽകേണ്ടതായിവരികയും ചെയ്യുമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ**
**അതിരൂപതാ ഫിനാൻസ് ഓഫീസർ**

# Transfers/Appointments

## (12-03-2022)

### Rev. Fathers

| | |
|---|---|
| Ainiyadan John | Nettinampilly |
| Alukkal James | Retired - Priests' Home, Edakkunnu |
| Ambalathingal Varghese | Asst. Pastoral Co-ordinator (July 2022) |
| Ambooken Paul (Jeny) | Thavalapara |
| Bharanikulangara Augustine | Kottamam |
| Chakiath Joseph | Priests' Home, Edakkunnu (Relieved - Sp. Director, Niveditha) |
| Chakiath Kuriakose (Joy) | Vengoor |
| Chathely Jose | Thottuva (April 30, 2022) |
| Cherupilly Paul (Shaju) | Director, Women Welfare Services (Addl.) |
| Chethimattam Abraham (Ginu) | Kollakode |
| Chittinappilly Paul | Konthuruthy |
| Cholikkara Jose | Asokapuram |
| Chulliyil Ignatius | Medical leave (Vijo Bhavan) |
| Edassery Varghese (Baiju) (Jr.) | Pothiakkara (Relieved - Joint Dir, Welfare Service Centre, Kalamassery) |
| Edathiparamban Jibi RCJ | Pathalam (Thadeuspuram) |
| Eravimangalam Antony (Sunny) | Kokkamangalam |
| Eravimangalam Kuriakose (Jimmy) | Rajagiri |
| Kaiprampatt Joseph (Jomon) | Kodanad |
| Kaiprampatt Sebastian | Arakkunnam |
| Kaithakottil Joyce | Leave (for 1 year) |
| Kakkattuchira Thomas (Jimmy) | Joint Director, Welfare Service Centre, Kalamassery (Addl) |
| Kalapparambath Thomas (Joshy) | Director, CML (Addl) |
| Kallarackal Sebastian (Jijo) | Puthencruz |
| Kanamkudam George | Kathikudam |
| Kannampilly Varghese (Baiju) | Study leave |

| | |
|---|---|
| Kannampuzha Joseph (Reju) | Kothavara |
| Kilukkan Chacko | Asst. Exe. Director, Naipunnya College, Cherthala+ Kodamthuruth |
| Kiriyanthan Joe Paul | Dean of Study, Niveditha, (April 2022) |
| Kiriyanthan Joseph (Sijo) | Study (Bangalore) |
| Kizhakkettam Sebastian | N.G.O. Quarters + Asst. Director, Naipunnya International, Ekm. |
| Kodiyan Davis SAC | Relieved - Kunnappillissery |
| Kolenchery Paul | Vellarappilly S. |
| Koluthuvally Raphael (Jaison) | Achinakom |
| Kombanamkunnel Shaiju ALCP/OSS | Relieved - Attara |
| Konattukuzhy Mathew | Palluruthy |
| Kottakkal Antony (Tony) | Relieved - CML, Director |
| Kozhikkadan Joseph | Priests' Home, Edakkunnu (Relieved - Nayathode) |
| Kozhuvallil Varkey (Sanju) | Kunnappillissery |
| Kunnathoor James (Jimmy) | Exe. Director, Naipunnya Welfare Service, Pongam + Asst. Exe. Director, Naipunnya College, Pongam |
| Kureeckal Joseph | Konoor |
| Kurisunkal Kurian | Retired - Home |
| Madan Jose | Peechanikkad |
| Madappadan Varghese (Geo) | Thrineyamkudom (T.V.Puram) |
| Madassery Paul (Sr.) | Relieved - Director, Women Welfare Services |
| Madathil Joseph (Christy) | Panthackal + (Asst. Exe. Director, Naipunnya School, Edakkunnu) |
| Madavana Davis | Spiritual Director, Niveditha |
| Makkiyil Sabu ALCP/OSS | Cherukadappuram |
| Maliyekkal Antony (Tony) | Muppathadom (Edayar) + (Asst. Manager, Viani Printings, Ernakulam) |
| Mandanath Jose | Director, Niveditha |
| Mangalassery Thomas | Kacherippady + Thathapilly |
| Mangalath Mathew | Retired - Priests' Home, Edakkunnu |

| | |
|---|---|
| Mangatt Thomas (Binu) | Nayathode (Addl) |
| Manickathan Joseph (Tony) | Karimugal, Ambalamedu, Ambalamugal, Pallimugal |
| Manikathan Devassy | Njalookkara |
| Mazhuvancherry Thomas | Choondy + Asst. Exe. Director, School of Legal Studies, Choondy |
| Mekkanthuruthil Alex | Spiritual Director, Malayattoor-Kurisumudy |
| Meledath Paul (Jaison) | Vimalagiri |
| Moonjely Joseph (Shanu) | Elamakkara (Addl) |
| Mukalayil Abraham VC | Kunnumpuram |
| Muttathan Jose MS | Kolenchery |
| Mynatty Hormis | Pastoral Co-ordinator (Addl.) |
| Nangelimalil Thomas | Manager, Corporate Education Agency + Puthuvassery |
| Nariculam Antony | Ernakulam Cathedral Basilica |
| Njaliath Tharian | Spiritual Animator, Retreat Centre, Chittoor (April 30, 2022) |
| Ozhalakat Jose | Amballoor |
| Padayattil Peter (Sajo) | Director, Social Media Apostolate |
| Padickaparambil Varghese (Savy) | Maradu (Relieved - Asst. Manager, Mar Louis Book Centre) |
| Painumkal Jose | Chowara |
| Palamoottil George (Pradeesh) | Muttathiparambu |
| Palathingal Jose | Muttam (Resident) |
| Palatty Joseph (Jr.) (Bijoy) | Mattoor Town (Addl.) |
| Palatty Stephen (Benny) | Mathanagar + Asst. Manager, Corporate Education Agency |
| Pallupetta Simon | Valluvally (Relieved - Joint Dir, Naipunnya International) |
| Parambathara Vincent | Ullala |
| Parappuram Jose | South Paravur + Kattikunnu |
| Parecattil Paul (Sifil) | Illithode |
| Parecattil Varghese (Albin) | Nettoor |
| Perepadan James | Perumanoor (Addl) |

| | |
|---|---|
| Perepadan Thomas | Kalamassery |
| Plackal Joy | Mekkad |
| Poonoly Sebastian (Bineesh) | Ezhikkara |
| Poothavelithara Varghese | Rector, Minor Seminary + Director, Vijo Bhavan |
| Poovannikunnel Jose CSsR | Relieved - Mattoor Town |
| Puthenparambil George (Siby) | Relieved - Nedungad (Resi.: Renewal Centre) |
| Puthiaparambil Antony | North Thuravoor + Director, AKCC |
| Puthussery Jacob (Joyson) | Santhipuram + Asst. Manager, Mar Louis Book Centre |
| Puthussery Joseph (Joshy) | Director, Renewal Centre |
| Puthussery Joseph (Sanu) | Kadamakkudy + Asst. Director, Evangelization |
| Puthussery Thomas (K) | Nedungad |
| Pynadath Thomas | Edakkunnu - Priests' Home (Relieved - Konthuruthy) |
| Thaiparambil Varghese (Assin) | Manager, St. Francis Assisi School, Athani (Resi. Athani) |
| Thamaravely Joseph | Director, Evangelization (Addl.) |
| Theckanath John | Spiritual Director, L.F. Hospital, Angamaly |
| Thekkanath Paul (Biju) | Relieved - Asst. Exe. Director, Bharata Mata School of Legal Studies, Choondy |
| Thekkinedath Joseph (Petson) | Pattanam & Neendoor + Asst. Director, Social Media Apostolate |
| Thekkinezhath Varghese (Renson) | Chaplain, L.F. Hospital, Angamaly + Study (Relieved - Asst. Exe. Director, Naipunnya College, Pongam) |
| Thengathara Jose | Kaitharam |
| Thengathara Kuriakose | Karayamparambu |
| Thiruthanathil Peter | Attara |
| Thottiyil James | Panangad + (Asst. Director, Pilgrim Communication) |
| Thottiyil Varghese (Lal) | Padamugal |

| | |
|---|---|
| Thottungal Sebastian | Priests' Home, Edakkunnu (Relieved - Spiritual Director, L.F. Hospital, Angamaly) |
| Thuruthikkara Gregorious (Jiju) | Study (Resi.: Renewal Centre) |
| Thuruthikkara James | Sanjo Nagar |
| Urakkadan Sebastian | Relieved - Director, AKCC |
| Uthuppan Antony (Shinu) | Karanakodam |
| Vadakara Roy (Delhi Archdiocese) | Relieved - Njalookara |
| Valiyakandathil Jiju MS | Relieved - Ezhikkara |
| Valookkaran Thomas | Joint Director, L.F. Hospital, Angamaly |
| Vattaparambil Antony (Sinoy) | H.R Manager, Aiswaryagram (Relieved - Panthackal) |
| Vattoly Joseph | Priests' Home, Edakkunnu (Relieved - Nettinampilly) |
| Veliyil Antony (Riju) | Asst. Director, Family Apostolate (Addl) |
| Vellarackal Paul | Muringoor |
| Vezhaparambil Joshy | Kuttipuzha |

**Chancellor**

---

# അഭിനന്ദനങ്ങൾ



റോമിലെ പൊന്തിഫിക്കൽ ഉർബാനിയ സർവ്വകലാശാലയിൽനിന്നും ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹു. വർഗീസ് അമ്പലത്തിങ്കൽ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "The Parable of the Lost or Wandering Sheep. A Comparison between Matthew 18,12-14 and Luke 15,4-7"



# നിര്യാതരായി



## ഫാ. പോൾ ചെമ്പോത്തനായിൽ

**ജനനം: 29-06-1939**
**തിരുപ്പട്ടം: 11-03-1966**
**മരണം: 11-02-2022**

ബ. പോൾ ചെമ്പോത്തനായിൽ അച്ചൻ 1939 ജൂൺ 29-ാം തീയതി മേവെള്ളൂർ ഇടവകയിലെ ചെമ്പോത്തനായിൽ പൗലോസ്-മറിയം ദമ്പതികളുടെ ആറ് മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി 1966 മാർച്ച് 11-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അങ്കമാലി ഫൊറോനാ പ്പള്ളിയിൽ സഹവികാരിയായും തുടർന്ന് യോർദ്ദനാപുരം, വള്ളുവള്ളി, കോക്കുന്ന്, പൊതി, പാണാവള്ളി, ചെത്തിക്കോട്, വൈക്കം, ഞാറക്കൽ, തോപ്പിൽ, മങ്കുഴി, ഉദയംപേരൂർ സെന്റ് സെബാസ്റ്റ്യൻസ് എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ രീതിയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. കൂടാതെ, തൃക്കാക്കര മൈനർ സെമിനാരിയിലും എറണാകുളം ലിസി ആശുപത്രിയിലും സ്പിരിച്ച്വൽ ഡയറക്ടറായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. എളിമയുടെയും ലാളിത്യത്തിന്റെയും മാതൃകയായിരുന്ന ബ. പോൾ ചെമ്പോത്തനായിൽ അച്ചൻ വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കു ശേഷം വിജോഭവനിൽ വിശ്രമജീവിതം നയിച്ചുവരവേയാണ് വാർധക്യസഹജമായ അസുഖങ്ങളാൽ 83-ാം വയസ്സിൽ, 2022 ഫെബ്രുവരി 11-ാം തീയതി, വെള്ളിയാഴ്ച, രാവിലെ 3.45-ന് ലിസി ആശുപത്രിയിൽവച്ച് ഈ ലോകത്തിൽനിന്നും വിടപറഞ്ഞത്.

ഫെബ്രുവരി 12-ാം തീയതി രാവിലെ ലിസി ആശുപത്രിയിലെ ചാപ്പലിൽ അച്ചനുവേണ്ടി വി. കുർബാനയും ഒപ്പീസും നടത്തി. തുടർന്ന്, മേവെള്ളൂരിലുള്ള സഹോദരൻ വൈപ്പേൽ എഡ്വേർഡിന്റെ വസതിയിൽ

മൃതദേഹം പൊതുദർശനത്തിന് വയ്ക്കുകയും 12.30-ന് സംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തുകയും ചെയ്തു. മേവെള്ളൂർ ഇമ്മാക്കുലേറ്റ് പള്ളിൽ കൊണ്ടുവന്ന മൃതദേഹത്തിങ്കൽ ധാരാളം വൈദികരും സിസ്റ്റേഴ്സും അച്ചൻ സേവനം ചെയ്ത ഇടവകകളിൽനിന്നുള്ള ജനങ്ങളും അന്തിമോപചാരമർപ്പിക്കാൻ എത്തി.

എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. ഇടവകാംഗങ്ങളായ ബ. പോൾ കുന്നത്തൂർ സി. എം., ബ. സെബാസ്റ്റ്യൻ കുന്നത്തൂർ സി. എം., ബ. ജിമ്മി കുന്നത്തൂർ, വൈക്കം ഫൊറോന വികാരി പെ. ബ. ജോസഫ് തെക്കിനേൻ എന്നീ വൈദികരാണ് കരിയിൽ പിതാവിനോടൊപ്പം മദ്ബഹയിൽ സഹകാർമ്മികരായത്. കരിയിൽ പിതാവ് തന്റെ ആമുഖ പ്രസംഗത്തിൽ പോൾ ചെമ്പോത്തനായിലച്ചൻ അതിരൂപതയ്ക്ക് വളരെ പ്രിയപ്പെട്ടവനായിരുന്നുവെന്നും അച്ചന്റെ വേർപാടിൽ ദുഃഖിക്കുന്ന അജഗണങ്ങൾക്കും കുടുംബത്തിനും അനുശോചനങ്ങൾ അറിയിക്കുന്നതായും പറഞ്ഞു. നല്ല അജപാലകനായിരുന്നു പോളച്ചൻ. ആത്മീയതയുടെ മനുഷ്യൻ എളിമയും ലാളിത്യവും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രകടമായിരുന്നുവെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെയും മാർ തോമസ് ചക്യത്ത് പിതാവിന്റെയും അനുശോചനങ്ങൾ പിതാവ് അറിയിച്ചു.

തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ സുവിശേഷസന്ദേശം വിശ്വസ്തതയോടു കൂടി ജീവിച്ചതിന്റെ സൂചനയായി അച്ചന്റെ ഇടവകാംഗം ബഹു. പോൾ കുന്നത്തൂർ അച്ചൻ, ബ. ചെമ്പോത്തനായിൽ അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചു. പോൾ ചെമ്പോത്തനായിലച്ചന്റെ ഇടവകാംഗവും ബന്ധുവും സുഹൃത്തുമായ ബ. ലൂക്കോസ് കുന്നത്തൂർ അച്ചനാണ് വിശുദ്ധ കുർബാന മധ്യേയുള്ള തിരുവചന സന്ദേശം നൽകിയത്. തന്റെ വചനസന്ദേശത്തിൽ ബ. ലൂക്കോസച്ചൻ ചെമ്പോത്തനായിലച്ചനെ മനോഹരമായി ഓർത്തെടുത്തു. സൗമ്യനായ വ്യക്തി, പുഞ്ചിരിക്കുന്ന വ്യക്തി, എളിമയുള്ള വ്യക്തി. കലഹങ്ങളുള്ളിടത്ത് സമാധാനം സ്ഥാപിക്കുന്ന വ്യക്തി. ചെല്ലുന്നിടങ്ങളെല്ലാം പൊന്നാക്കിയ മനുഷ്യൻ. ഒരുപാട് ജീവിതങ്ങളിൽ വർണ്ണങ്ങൾ സൃഷ്ടിച്ച വ്യക്തി.

അച്ചന്റെ കുടുംബം ദൈവത്തെ സ്നേഹിച്ച, മനുഷ്യനെ സ്നേഹിച്ച, മണ്ണിനെ സ്നേഹിച്ച കുടുംബമാണ്. വിശ്വസ്തനായിരിക്കാൻ പടയാളി നിർബന്ധിതനായിരിക്കുന്നതു പോലെ, കർഷകൻ നല്ല സമയം നോക്കി കൃഷി ഇറക്കുന്നതുപോലെ, കായികാഭ്യാസി ഓട്ടക്കളത്തിൽ സമ്മാനർഹനാകുന്നത് പോലെ നീ എല്ലാ കാര്യങ്ങളിലും വിശ്വസ്തനായിരിക്കുക എന്ന വചനം പാലിച്ച് ഇടവകകളിൽ പൊന്നു വിളയിച്ച അച്ചനാണ് നമ്മിൽനിന്ന് വേർപിരിയുന്നത്. സഭയുടെ വീഴ്ചയുടെ കാലത്ത് ഫ്രാൻസിസ് അസീസിയും, വിശുദ്ധ മദർ തെരേസയും, വിശുദ്ധ അന്തോണീസും വ്യത്യസ്തമായ ആത്മീയത കാണിച്ചു തന്നതുപോലെ അച്ചനും തനിക്കു ലഭിച്ച ദൈവവചനം ധ്യാനിച്ചും പ്രാർത്ഥിച്ചും അതു മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാനായി അങ്ങേയറ്റം യത്നിച്ചു.

പൗരോഹിത്യത്തെപ്പറ്റിയുള്ള സുന്ദര സ്വപ്നങ്ങൾ ജീവിതത്തിൽ യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ച വ്യക്തിയാണ് പോളച്ചൻ. വിശുദ്ധനായ, സുവിശേഷത്തിന്റെ സാക്ഷിയായ, എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏറ്റവും കൂടുതൽ ബഹുമാന്യനായ, ഏറെ മാതൃക കാണിച്ചിരുന്ന, ധാരാളം പേരുടെ ജീവിതങ്ങളെ സ്പർശിച്ച ഒരു ജീവിതമായിരുന്നു പോളച്ചന്റേത്. എല്ലാ വൈദികരെയും കൂടെ നിർത്താൻ അദ്ദേഹത്തിനു സാധിച്ചിരുന്നു.

സേവനം ചെയ്ത ഇടവകകളിലെ ജനങ്ങളെയെല്ലാം ദൈവത്തിനുവേണ്ടി നേടിയെടുക്കാൻ ആ സ്നേഹത്തിന് സാധിച്ചിരുന്നു. ഏത് പ്രശ്നങ്ങൾ ഉള്ള പള്ളിയിൽ ചെന്നാലും അവിടുത്തെ പ്രശ്നങ്ങൾ ഒക്കെ തീർക്കുന്ന വ്യക്തിയായിരുന്നു അച്ചൻ. എല്ലാ വിധത്തിലും അതിരൂപതയ്ക്ക് വേണ്ടി അത്യദ്ധ്വാനം ചെയ്ത പുണ്യവ്യക്തിയാണ് ചെമ്പോത്തനായിലച്ചൻ. ജീവിതത്തിൽ സഹനങ്ങളും വേദനകളും പരാജയങ്ങളുമുണ്ടായപ്പോൾ അതെല്ലാം ദൈവത്തിന്റെ മുഖത്തു നോക്കി വകഞ്ഞുമാറ്റി അതിന്റെ ആത്മാവ് തിരിച്ചറിഞ്ഞ്, അതിൽ ആനന്ദം കണ്ടെത്തിയ വ്യക്തി. ദൈവരാജ്യത്തെ ഉപാസന ചെയ്ത, ദൈവത്തെ ഹൃദയത്തിൽ കുടിയിരുത്തിയ, ദൈവത്തിനു മാത്രം ഹൃദയം നൽകി സ്നേഹിച്ചവനാണ് ചെമ്പോത്തനായിലച്ചൻ. പോളച്ചൻ പ്രകാശമായിരുന്നു; മലമുകളിൽ ഉയർത്തപ്പെട്ട ദീപമായിരുന്നു. അതിരൂപതയിലെ എല്ലാ വൈദികരാലും സ്വീകാര്യനായ വ്യക്തിയായിരുന്നു. സൗമ്യമായ ഇടപെടലുകളായിരുന്നു അച്ചന്റേത്.

ആദരവും വിധേയത്വവും വിനയവും ഉള്ള പോളച്ചൻ, ദൈവത്തിന് എപ്പോഴും സ്വീകാര്യനായ പുരോഹിതനായിരുന്നു. മരണത്തിനുവേണ്ടി വളരെയധികം ഒരുങ്ങിപ്പുറപ്പെട്ട, സുകൃതൃങ്ങൾ ഏറെ അവശേഷിപ്പിച്ച് കടന്നുപോകുന്ന ചെമ്പോത്തനായിലച്ചൻ, പരിചയപ്പെട്ട സകല മനുഷ്യരുടെയും ഹൃദയത്തിൽ ജീവിക്കുന്നു. കുരിശിന്റെ മഹത്വവും വിലയും തിരിച്ചറിഞ്ഞ് ദൈവവിളിയെ പ്രോത്സാഹിപ്പിച്ച് ഒത്തിരിപേരെ സെമിനാരിയിലേക്കും സന്യാസവിളിയിലേക്കും അയച്ച വ്യക്തി കൂടിയാണ് പോളച്ചൻ എന്നു പറഞ്ഞാണ് ലൂക്കോസച്ചൻ തന്റെ വചനസന്ദേശം അവസാനിപ്പിച്ചത്.

ബഹുമാനപ്പെട്ട പോൾ ചെമ്പോത്തനായിലച്ചൻ തന്റെ ഭവനമായിരുന്ന ദേവാലയത്തോടും ബലിയർപ്പിച്ചിരുന്ന ബലിപീഠത്തോടും തനിക്കേൽപ്പിക്കപ്പെട്ടിരുന്ന ദൈവജനത്തോടും യാത്ര പറയുമ്പോൾ അനേകരുടെ കണ്ണുകൾ ഈറനണിഞ്ഞു. എളിമയുടെയും ആദരവിന്റെയും മഹാഗോപുരമായി നിലകൊണ്ട പോളച്ചൻ പിൻതലമുറയിലെ പുരോഹിതർക്ക് പ്രചോദനമാണ്. തന്റെ സൗമ്യസാന്നിധ്യംകൊണ്ടും സ്നേഹഭാഷണംകൊണ്ടും തീക്ഷ്ണമായ പ്രാർത്ഥനകൊണ്ടും അതിരൂപതയെ ഏറെക്കാലം സേവിച്ച് സ്വർഗീയസൗഭാഗ്യത്തിലേക്ക് വിളിക്കപ്പെട്ട പ്രിയപ്പെട്ട പോളച്ചന് എറണാകുളം-അങ്കമാലി അതിരൂപതാ കുടുംബത്തിന്റെ നന്ദിയും കടപ്പാടും ആദരപൂർവം അർപ്പിക്കുന്നു. അങ്ങയുടെ വിനയത്തിന്റെ ഒളിമങ്ങാത്ത ഓർമ്മകൾ ഇനിയും സഹവികാരിമാരും ദൈവജനവും പറഞ്ഞുതീർന്നിട്ടില്ല. അവയെല്ലാം അമൂല്യമായ നിധിപോലെ ഞങ്ങൾ സൂക്ഷിക്കും. ആടയാഭരണങ്ങൾ ഇല്ലാതെ ഹൃദയത്തിൽ നിന്നും ഒഴുകുന്ന തെളിനീർ പോലെ ആത്മീയതയുടെ ജീവജലമൊഴുക്കിയ പ്രിയപ്പെട്ട പോളച്ചന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ!

■

## സി. അമല CSC



ചാരിറ്റി കോൺവെന്റ്, കാതികുടം

| | | |
|---|---|---|
| ജനനം | : | 25-11-1947 |
| വ്രതവാഗ്ദാനം | : | 02-05-1977 |
| മരണം | : | **16-02-2022** |

## സി. ലയോള മേലേത്ത് SD



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 10-05-1932 |
| വ്രതവാഗ്ദാനം | : | 07-02-1954 |
| മരണം | : | **16-02-2022** |

## സി. അലക്സിസ് FCC



അസീസ്സി ഭവൻ, എറണാകുളം നോർത്ത്.

| | | |
|---|---|---|
| ജനനം | : | 06-02-1929 |
| വ്രതവാഗ്ദാനം | : | 17-05-1951 |
| മരണം | : | **11-02-2022** |

## സി. ഇവാൻ CMC



ചാവറ സദൻ, കൈപ്ര, ശ്രീമൂലനഗരം

| | | |
|---|---|---|
| ജനനം | : | 03-03-1928 |
| വ്രതവാഗ്ദാനം | : | 02-02-1952 |
| മരണം | : | **31-01-2022** |

## സി. ഗബ്രിയേൽ CSN



(സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം)

| | | |
|---|---|---|
| ജനനം | : | 16-09-1943 |
| വ്രതവാഗ്ദാനം | : | 10-08-1965 |
| മരണം | : | **23-01-2022** |

# വാർത്തകളും വിശേഷങ്ങളും

## യുക്രെയിന് വേണ്ടി പാപ്പായുടെ അഭ്യർത്ഥന

യുക്രെയ്നിലെ സ്ഥിതിഗതികൾ വഷളായതിൽ തന്റെ ഹൃദയത്തിൽ അഗാധ മായ വേദനയുണ്ടെന്നും, നയതന്ത്ര ശ്രമങ്ങൾ നടത്തിയെങ്കിലും പക്ഷ പാതപരമായ താല്പര്യങ്ങൾ കൊണ്ട് എല്ലാവരുടെയും സമാധാനം അപകട ത്തിലാണെന്നും വത്തിക്കാനിലെ പൊതുകൂടിക്കാഴ്ച പരിപാടിയിൽ മാർപാപ്പാ പങ്കുവച്ചു. രാഷ്ട്രീയ ഉത്തരവാദിത്തങ്ങളുള്ളവരോടു ദൈവത്തിന്റെ മുന്നിൽ തങ്ങളുടെ മനസ്സാക്ഷിയെ ഗൗരവമായി പരിശോധിക്കാൻ ആവശ്യപ്പെട്ട പാപ്പാ, ദൈവം യുദ്ധത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണെന്നും ഒരാളുടെ മാത്രമല്ല, എല്ലാവരുടെയും പിതാവാണെന്നും, നാം ആരും ശത്രുക്കളായല്ല, സഹോദരന്മാരായിരിക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്നും ഓർമ്മിപ്പിച്ചു. ജനങ്ങൾക്ക് ദുരിതം ഉണ്ടാക്കുന്ന നടപടികളിൽ നിന്ന് വിട്ടുനിൽക്കാൻ എല്ലാ കക്ഷികളോടും ആവശ്യപ്പെടുന്നുവെന്നും വിശ്വാസികളും അവിശ്വാസികളുമായ എല്ലാവരോടും ഇപ്പോൾ അപേക്ഷിക്കുന്നുവെന്നും പറഞ്ഞ പാപ്പാ അക്രമ ത്തിന്റെ പൈശാചികമായ വിവേകശൂന്യതയിൽനിന്ന് ലോകത്തെ കരകയറ്റു വാൻ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും സാധിക്കുമെന്ന് ഓർമ്മപ്പെടുത്തി. മാർച്ച് 2-ാം തീയതി വിഭൂതി ബുധനാഴ്ച സമാധാനത്തിനാ യുള്ള ഉപവാസ ദിനമായി ആചരിക്കാൻ എല്ലാവരേയും മാർപാപ്പ ക്ഷണിച്ചു.

## തിരുവനന്തപുരം അതിരൂപതയ്ക്ക് പുതിയ മെത്രാപ്പോലീത്താ: മോൺ. തോമസ് ജെസ്സയ്യൻ നെറ്റോ

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ മുരുക്കുംപുഴ വിശുദ്ധ അഗസ്തീനോസ് പള്ളിയിലെ ഇടവക വികാരിയായി സേവനം ചെയ്തു വര വേയാണ് മോൺ. തോമസ് ജെസ്സയ്യൻ നെറ്റോയെ അതിരൂപതയുടെ പുതിയ ആർച്ചുബിഷപ്പായി പരിശുദ്ധ പിതാവ് നിയമിച്ചിരിക്കുന്നത്. 1964 ഡിസംബർ 29-ന് തിരുവനന്തപുരം അതിരൂപതയിലെ പുതിയതുറയിൽ ജനിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്രത്തിലും, ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി. തിരുവനന്തപുരത്തെ ലെയോള കോളേജിൽ നിന്ന് സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദം നേടി. റോമിലെ ഉർബാനിയാന പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ ഡോഗ്മാറ്റിക് ദൈവ ശാസ്ത്രത്തിൽ (എക്ലെസിയോളജി) ഡോക്ടറേറ്റ് നേടി. 1989 ഡിസംബർ 19-നാണ് വൈദികപട്ടം സ്വീകരിച്ചത്.

# A I C O

## (Archdiocesan Institutions' Central Office)

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജനുവരി 31 | നിവേദിത, ചുണങ്ങംവേലി |
| ജനുവരി 31 | ഭാരത മാതാസ്കൂൾഓഫ്ലീഗൽസ്റ്റഡീസ്, ചൂണ്ടി |
| ജനുവരി 31 | ഇൻഫന്റ്ജീസസ്ചർച്ച്, കണ്ടനാട് |
| ജനുവരി 31 | പ്രീസ്റ്റ്സ് ഹോം, പൊതി |
| ഫെബ്രു. 09 | ലിസ്സി ഹോസ്പിറ്റൽ, എറണാകുളം |
| ഫെബ്രു. 10 | നിവേദിത, ചുണങ്ങംവേലി |
| ഫെബ്രു. 10 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ഫെബ്രു. 17 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഫെബ്രു. 18 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

---

## അതിരൂപതാ ഡയറക്ടറി

2022-23 വർഷത്തെ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുന്നു. തിരുത്തലുകൾ അതിരൂപതാ കച്ചേരിയിൽ എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു.

**ലാൻഡ് ഫോൺ നമ്പർ, പിൻകോഡ്** എന്നിവയ്ക്കു വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ പുതുക്കി നല്കേണ്ടതാണ്.

E-mail: **directoryekm@gmail.com**

**ഫാ. ജസ്റ്റിൻ കൈപ്രമ്പാടൻ**
**വൈസ്- ചാൻസലർ**

# വിശ്വാസപരിശീലനകേന്ദ്രം

നിയോഗം: വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം

1. **അഗാപ്പെ / Get together:** ഒന്നു മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസ് ഞായറാഴ്ച ഒരുമിച്ചുകൂട്ടി നൽകാവുന്നതാണ്. അതോടൊപ്പം ചോദ്യോത്തരങ്ങൾ അവർക്ക് വിശദീകരിച്ചു കൊടുക്കുന്നതു നന്നായിരിക്കും. അന്നേദിനം വിശ്വാസപരിശീലകരെയും കുട്ടികളെയും ഒരുമിച്ചുകൂട്ടി അഗാപ്പെ / Get together ഒരുക്കുന്നത് ഉചിതമായിരിക്കും (എല്ലാ ക്ലാസ്സുകളും ഒരുമിച്ചു വേണമെന്നില്ല). ഞായറാഴ്ചകളിൽ കുട്ടികൾക്കായുള്ള കുർബാനയ്ക്കുശേഷം അവരുടെ ക്രിയാത്മകത പ്രകടിപ്പിക്കാൻ ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

2. 10 & 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷയുടെ മൂല്യനിർണ്ണയം ഇടവകതലത്തിൽ നടത്തി മാർച്ച് 06 ഞായറാഴ്ച 4.00 മണിക്കു മുൻപായി ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ മാർക്ക് ലിസ്റ്റ് ഏല്പിക്കേണ്ടതാണ്. മാർക്ക് ലിസ്റ്റിൽ ഇടവകയുടെ പേരും വികാരിയച്ചന്റെ ഒപ്പും പള്ളിയുടെ സീലും പ്രധാനാധ്യാപകൻ/പ്രധാനാധ്യാപികയുടെ ഒപ്പും ഉണ്ടായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

3. ഫൊറോനതലത്തിൽ മാർക്ക് ലിസ്റ്റ് ക്രോഡീകരിച്ചശേഷം മാർച്ച് 08 ചൊവ്വാഴ്ചയ്ക്കകം അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

4. ഡിപ്ലോമ ഒന്നാംവർഷ വിദ്യാർത്ഥികളുടെ മാർക്കുകൾ അതത് ഇടവകയിൽ നിന്ന് മാർച്ച് 12 ശനിയാഴ്ചയ്ക്ക് മുൻപായി കാറ്റികോർപ്പിൽ രേഖപ്പെടുത്തണം.

5. **പുനഃപരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ ഏതെങ്കിലും സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കാതിരിക്കുകയോ, ജയിക്കുവാനുള്ള മാർക്കു ലഭിക്കാതിരിക്കുകയോ ചെയ്താൽ പുനഃപരീക്ഷയിൽ പങ്കെടുക്കാം. കുട്ടിയ്ക്ക് താല്പര്യം ഉണ്ടെങ്കിൽ വികാരിയച്ചന്റെ കത്തോടെ, കുട്ടിയുടെ പേരും രജിസ്റ്റർ നമ്പർ, ക്ലാസ്സ്, കോടാക്റ്റ് ചെയ്യുവാനുള്ള ഫോൺ നമ്പറും ഏപ്രിൽ 4 തിങ്കളാഴ്ചയ്ക്കു മുൻപായി 50 രൂപ ഫീസടച്ച് അതിരൂപതാകേന്ദ്രത്തിൽ രജിസ്റ്റർ

ചെയ്യേണ്ടതാണ്. പുനഃപരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

6. **പരീക്ഷഫലം:** X, XII മാർച്ച് 26-ാം തീയതി ശനിയാഴ്ചയോടെ ഫലങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

7. ഡിപ്ലോമ രണ്ടാംവർഷ വിദ്യാർത്ഥികളുടെ വിശ്വാസപ്രഖ്യാപനം ഇടവകയുടെ സാഹചര്യമനുസരിച്ച് സൗകര്യപ്പെടുന്ന ദിവസം നടത്തണം. ഇനിയും നടത്താത്തവർ ഉണ്ടെങ്കിൽ എത്രയും വേഗം നടത്തുമല്ലോ.

8. **സോണൽ മീറ്റിങ്:** കാറ്റിക്കിസം ഫൊറോന കൗസിലുകളുടെയും പ്രധാനാദ്ധ്യാപകരുടെയും ഓൺലൈൻ അഡ്മിനിസ്ട്രേറ്റർമാരുടെയും സോണൽ മീറ്റിങ്. മീറ്റിങ് നടക്കുന്ന ഫൊറോനകളും തീയതികളും സമയവും താഴെ നൽകുന്നു. നടത്തുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതാണ്.

സോൺ 1 (കൊരട്ടി, കറുകുറ്റി, മൂക്കന്നൂർ):
മാർച്ച് 06 ഞായർ: രാവിലെ 9.30 മുതൽ 11.30 വരെ

സോൺ 2 (അങ്കമാലി, മൂഴിക്കുളം, പറവൂർ):
മാർച്ച് 06 ഞായർ: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ

സോൺ 3 (ചേർത്തല, വൈക്കം, പള്ളിപ്പുറം):
മാർച്ച് 20 ഞായർ: രാവിലെ 9.30 മുതൽ 11.30 വരെ

സോൺ 4 (കിഴക്കമ്പലം, തൃപ്പൂണിത്തുറ):
മാർച്ച് 20 ഞായർ: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ

സോൺ 5 (വല്ലം, കാഞ്ഞൂർ, മഞ്ഞപ്ര):
മാർച്ച് 27 ഞായർ: രാവിലെ 9.30 മുതൽ 11.30 വരെ

സോൺ 6 (ഇടപ്പള്ളി, എറണാകുളം):
മാർച്ച് 27 ഞായർ: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ

9. **ഇന്റൻസീവ് ബൈബിൾ കോഴ്സ്:** വിശ്വാസപരിശീലനത്തിന്റെ ഭാഗമായിട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാം ആയ IBC യുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം 2022 ഏപ്രിൽ 4-ാം തീയതി നിർവ്വഹിക്കുന്നതാണ്. IBC ഓരോ ഇടവകയുടെയും സാഹചര്യവും സമയവുമനുസരിച്ച് സജീവമായി നടത്തുവാൻ ഇടവകകൾക്ക് തന്നെ തീയതികൾ ക്രമീകരി

ക്കാവുന്നതാണ്. അതിനൊരുക്കമായുള്ള പുസ്തകം അതിരൂപ താകേന്ദ്രം തയ്യാറാക്കുന്നു. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകത്തിന്റെ നമ്പർ നൽകേണ്ടതാണ്. പുസ്തകം തയ്യാറാക്കി കഴിയുമ്പോൾ വിവരം അറിയിക്കുന്നതായിരിക്കും.

10. ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ പരീക്ഷ 2022 ഫെബ്രുവരി 20-ാം തീയതി ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ നടത്തി. ഇടവകയിലെ കോവിഡ് പ്രോട്ടോ കോൾ സാഹചര്യമനുസരിച്ച് ഓഫ്ലൈനിലും ഓൺലൈനിലു മായാണ് പരീക്ഷകൾ ക്രമീകരിച്ചത്. നാലു മുതൽ ഒൻപത് വരെ യുള്ള കുട്ടികൾക്കുള്ള ചോദ്യപേപ്പർ അതിരൂപതാകേന്ദ്രം തയ്യാ റാക്കി ഫൊറോന ഡയറക്ടർ അച്ചന്മാർ വഴി വികാരിയച്ചന്മാർക്കു ലഭ്യമാക്കുകയാണ് ചെയ്തത്.

11. 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ 2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ ഓഫ്ലൈനിലായി നടത്തി. അവർക്കുള്ള ചോദ്യ പേപ്പർ അതിരൂപതാകേന്ദ്രം തയ്യാറാക്കി ഫൊറോന തലത്തിൽ എത്തിക്കുകയായിരുന്നു.

12. ഒന്നാം ക്ലാസ്സു മുതൽ മൂന്നാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ സാധ്യതാചോദ്യങ്ങളുടെ വീഡിയോകളും, നാലാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കുള്ള പൊതുചോദ്യങ്ങ ളുടെയും സത്യദീപത്തിന്റെയും ഉപന്യാസത്തിന്റെയും സാധ്യതാ ചോദ്യങ്ങൾ അടങ്ങിയ വീഡിയോകളും catechismernakulam YouTube Channel-ൽ Publish ചെയ്യുകയുണ്ടായി. കൂടാതെ 1, 2, 3 ക്ലാസ്സുവരെയുള്ള കുട്ടികളുടെ സാധ്യതാ ചോദ്യങ്ങളുടെയും പൊതുചോദ്യങ്ങളുടെയും PDF ഉം നൽകി.

ഈ പരീക്ഷകളുടെ സുഗമമായ നടത്തിപ്പിന് ഫൊറോന ഡയറക്ടർ അച്ചന്മാർ, വികാരിയച്ചന്മാർ, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സ്, പ്രൊമോട്ടേഴ്സ്, പ്രധാനാധ്യാപകർ, വിശ്വാസപരിശീലകർ, മാതാ പിതാക്കൾ എന്നിവർ ചെയ്ത എല്ലാ സഹായസഹകരണങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 മാർച്ച്-ഏപ്രിൽ

### വിവാഹഒരുക്ക ധ്യാനം (MPR)

| | | | | |
|---|---|---|---|---|
| **ഓൺലൈൻ** | മാർച്ച് | 04-05; | മാർച്ച് | 11-12 |
| **ഓഫ്‌ലൈൻ** | മാർച്ച് | 14-16 (കാലടി) | മാർച്ച് | 21-23 (കാലടി) |
| | മാർച്ച് | 28-30 (കാലടി) | ഏപ്രിൽ | 04-06 (കലൂർ) |
| | ഏപ്രിൽ | 11-13 (കലൂർ) | ഏപ്രിൽ | 19-21 (കാലടി) |
| | ഏപ്രിൽ | 25-27 (കലൂർ) | ഏപ്രിൽ | 26-28 (കാലടി) |

NB: മാർച്ച് 14 മുതൽ offline കോഴ്സുകൾ പുനരാരംഭിക്കുന്നു. പ്രത്യേകം ശ്രദ്ധിക്കുമല്ലോ, വിവാഹഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (ഓൺലൈൻ)

മാർച്ച് 04-06

### അനുയാത്ര (ഓൺലൈൻ)

മാർച്ച് 13

### ഫാമിലി ഔവർ

മാർച്ച് 05 യൂദിത്ത് ഫോറം
മാർച്ച് 06 എസ്.ഡി സിസ്റ്റേഴ്സ്
മാർച്ച് 12 എം.സി.സി., ഗ്രെയ്സ്റിപ്പിൾസ്

### ദമ്പതി സംഗമം (സ്നേഹജ്വാല)

മാർച്ച് 13 കടവന്ത്ര
മാർച്ച് 20 കിടങ്ങൂർ

മാർച്ച് 27 കിടങ്ങൂർ
ഏപ്രിൽ 3 കിടങ്ങൂർ

**കുടുംബ ധ്യാനം**

മാർച്ച് 25-27 കൊറ്റമം

**കുടുംബപ്രേഷിത പരിശീലനം**

മാർച്ച് 06 ജീവാലയ, കാലടി
മാർച്ച് 13 ചക്കരപ്പറമ്പ്

**ആനിമേറ്റേഴ്സ് ഓറിയന്റേഷൻ പ്രോഗ്രാം**

(സമയം 2.00 pm മുതൽ 4.00 pm വരെ )

| | ഫൊറോനകൾ | സ്ഥലം |
|---|---|---|
| മാർച്ച് 20 | കൊരട്ടി, മൂക്കന്നൂർ, കറുകുറ്റി | കരയാംപറമ്പ് |
| | അങ്കമാലി, മൂഴിക്കുളം | സുബോധന |
| മാർച്ച് 27 | പറവൂർ | പുത്തൻപള്ളി |
| | എറണാകുളം, തൃപ്പൂണിത്തുറ | എളംകുളം |
| ഏപ്രിൽ 02 | വൈക്കം | വെൽഫെയർസെന്റർ |
| | പള്ളിപ്പുറം, ചേർത്തല | പള്ളിപ്പുറം |
| ഏപ്രിൽ 03 | വല്ലം, മഞ്ഞപ്ര, കാഞ്ഞൂർ | ജീവാലയ, കാലടി |
| | ഇടപ്പള്ളി, കിഴക്കമ്പലം | ആലുവ |

NB: ഇടവക തലത്തിൽ പാരന്റിംഗ് പരിശീലന പരിപാടികൾ, ദാമ്പത്യ പരിപോഷണ സെമിനാറുകൾ നടത്തുവാൻ കുടുംബപ്രേഷിത കേന്ദ്രം സന്നദ്ധമാണ് ഓർമ്മപ്പെടുത്തുന്നു. **കൂടുതൽ വിവരങ്ങൾക്ക്: 8078154524, 8078334522**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### പാലിയേറ്റീവ് കെയർ പരിശീലനം

നബാർഡിന്റെ സഹകരണത്തോടെ വനിതകൾക്ക് പാലിയേറ്റീവ് കെയർ സേവനങ്ങളിൽ 15 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു.

### യോഗ ടി.ടി.സി

മികച്ച തൊഴിൽ സാധ്യതയുള്ള യോഗ ടി.ടി.സി കോഴ്സ് പരിശീലനം സഹൃദയ ആത്മയോഗ അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. 200 മണിക്കൂർ ആണ് കോഴ്സ് ദൈർഘ്യം.

### കാൻസർ ദിനാചരണം

സഹൃദയ, കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പാക്കിവരുന്ന ആശാകിരണം കാൻസർ കെയർ കാംപയിന്റെ ഭാഗമായി പൊന്നുരുന്നി സഹൃദയ അങ്കണത്തിൽ കാൻസർ ദിനാചരണം സംഘടിപ്പിച്ചു. നിർധന കാൻസർ രോഗികളുടെ കുടുംബങ്ങൾക്കുള്ള നാടൻ പച്ചക്കറി കിറ്റുകളും കാൻസർ രോഗചികിത്സമൂലം മുടി നഷ്ടപ്പെട്ടവർക്കുള്ള സൗജന്യ വിഗുകളും യോഗത്തിൽ വിതരണം ചെയ്തു.

### വീട്ടമ്മമാർക്കായി മെഡിക്കൽ ക്യാംപ്

സഹൃദയ, ഫാമിലി പ്ലാനിങ് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മധ്യവയസ്കരായ വീട്ടമ്മമാർക്കായി പുത്തൻപള്ളി സെന്റ് ജോർജ് പള്ളി ഹാളിൽ സെക്ഷ്വൽ ആൻഡ് റീപ്രൊഡക്ഷൻ ഹെൽത്ത് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മാറുന്ന ജീവിത ശൈലികളും അതിനോടനുബന്ധിച്ചുള്ള മാനസികസംഘർഷവും മൂലം വീട്ടമ്മമാരിൽ വരുന്ന ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി പ്രതിരോധനടപടികൾ സ്വീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### ഹൈജീൻ കിറ്റുകൾ

കോവിഡ് കാലത്ത് നിസ്തുല പ്രവർത്തനം നടത്തിയ സഹൃദയ സമരിറ്റൻസ് സന്നദ്ധ പ്രവർത്തകർക്കും കോൺവെന്റുകൾക്കും എയ്ഡ്

ടു ദി ചർച്ച് ഇൻ നീഡ് എന്ന സംഘടനയുടെ സഹകരണത്തോടെ ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു.

**കുട്ടികളിലെ കാൻസർ– ഓൺലൈൻ സെമിനാർ**

ബാല്യകാല അർബുദ ബോധവത്കരണദിനാചരണത്തിന്റെ ഭാഗമായി സഹൃദയയും ഹോപ് ഫൗണ്ടേഷനും റയിൽവേ ചൈൽഡ്ട് ലൈനും സംയുക്തമായി കുട്ടികളിലെ കാൻസർ രോഗ സാധ്യതകളെക്കുറിച്ച് ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു. തലശേരി മലബാർ കാൻസർ സെന്ററിലെ അസി. പ്രൊഫസർ ഡോ. ജിതിൻ ടി.കെ. ക്ലാസ്സ് നയിച്ചു.

**മത്സ്യ കൃഷി വിളവെടുപ്പ്**

സഹൃദയയുടെ നേതൃത്വത്തിൽ വിജോപുരം ബനാനാ വില്ലേജിൽ നടത്തിവരുന്ന മത്സ്യകൃഷി വിളവെടുപ്പ് നടത്തി.

**ചൈൽഡ് ലൈൻ ഓൺലൈൻ സെമിനാർ**

സഹൃദയ റയിൽവേ ചൈൽഡ് ലൈനിന്റെ ആഭിമുഖ്യത്തിൽ നീലീശ്വരം എസ് .എൻ.ഡി.പി. ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾക്കായി ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു.

**ബയോബിൻ വിതരണം**

സംസ്ഥാന സർക്കാർ സ്ഥാപനമായ റെയ്ഡ്കോയുടെ സഹകരണത്തോടെ മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ്, കണ്ണമംഗലം, കോഴിക്കോട് ജില്ലയിലെ മുക്കം, പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തുകളിൽ ബയോബിന്നുകൾ വിതരണം ചെയ്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

എറണാകുളം മിസ്സം

# ബൈബിൾ അപ്പസ്തോലേറ്റ്

## ലോഗോസ് ക്വിസ് സമ്മാനവിതരണം

ലോഗോസ് ക്വിസ് 2021 മത്സരത്തിന്റെ അതിരൂപതാതല സമ്മാനവിതരണം 2022 മാർച്ച് 27 ഞായറാഴ്ച ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് നിർവ്വഹിക്കുന്നു. ലോഗോസ് ക്വിസിൽ 1 മുതൽ 5 വരെയുള്ള റാങ്കുകൾ ലഭിച്ചവർക്കുള്ള ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും 90 ശതമാനത്തിലേറെ മാർക്കു നേടിയവർക്കുള്ള സർട്ടിഫിക്കറ്റും പ്രോത്സാഹന സമ്മാനവും ഈ സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്.

80 ശതമാനത്തിലേറെ മാർക്കു നേടിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ ഫൊറോനാ സെക്രട്ടറിമാർ മുഖേന പിന്നീട് വിതരണം ചെയ്യുന്നതാണ്. കോവിഡ് സാഹചര്യത്തിൽ പ്രത്യേക നിബന്ധനകളോടെ നടത്തിയ മത്സരമായതിനാൽ, മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ ഇത്തവണ മറ്റു സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

## ലോഗോസ് ക്വിസ് 2022

**'ലോഗോസ് ക്വിസ് 2022'**-ന്റെ രജിസ്ട്രേഷൻ 2022 ജൂൺ 1-ാം തീയതി ആരംഭിക്കുന്നു. 2022 സെപ്തംബർ 25-നാണ് മത്സരം നടത്തുന്നത്.

പാഠഭാഗങ്ങൾ: **ജോഷ്വ 1-12; പ്രഭാഷകൻ 23-26; മർക്കോസ് 9-16; 1 കോറിന്തോസ് 9-16**

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

Corporate Office, Broadway, Ernakulam Kochi 682031.
9446339966, 0484-2381947

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു.

## നൈപുണ്യ അക്കാദമി, തൃക്കാക്കര.

**Contact: 9544919133, 9947349966**

- **PROGRAMS (MARCH)**

1. UGC NET PAPER I - Online and Offline (starts on 15 March 2022)
2. BANK coaching and SSC coaching Regular-offline (new admission all Mondays)
3. PSC - offline (new admission all Mondays)
4. Entrance Two Year Course (ETC) - Admission continuing
5. Entrance preparatory course (EPC) - Admission continuing
   - EPC Std. VIII
   - EPC Std. IX
   - EPC Std. X
6. IELTS - Regular, Online& Offline (morning & evening batch)
7. Entrance Crash Course 2 months at Pongam, Kaloor, Cherthala
8. LAW Entrance – (weekend and Regular Batch)

## നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ.

**Contact: 9544919144 , 0484-4029144**

- **മാർച്ച് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)
2. ജർമൻ കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)

3. സ്പാനിഷ് കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2 ) മാർച്ച് 14-ന്
4. ഫ്രഞ്ച് കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2 ) മാർച്ച് 14-ന്
5. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ച്
6. KAS ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
7. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 NICSA സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാം
8. സെൻട്രൽ ലൈബ്രറിയിലേക്കുള്ള അഡ്മിഷൻ തുടരുന്നു

## നൈപുണ്യ ഇന്റർനാഷണൽ, എൽ.എഫ്. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

- **IELTS, OET Coaching Online** ഓൺലൈൻ ആയും ഓഫ്ലൈൻ ആയും വളരെ മികച്ച രീതിയിൽ നൽകി വരുന്നു. എല്ലാ തിങ്കളാഴ്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.
- **Overseas Education and Counselling** നടത്തിവരുന്നു.
- RCSI Ireland Aptitude training program കൂടാതെ Overseas Education Counselling & Recruiting പ്രവർത്തനങ്ങളും നടത്തിവരുന്നു.

## നൈപുണ്യ ഇന്റർനാഷണൽ, NIMIT കാമ്പസ്, പൊങ്ങം

**Contact: 8078074684**

- For Overseas Education Queries - Help Desk Started at Naipunnya College (NIMIT) Pongam, Koratty.

## നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education &Councelling

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# Dept. of Family Units & Parish Renewal

## മലയാറ്റൂർ തീർത്ഥാടനം

കുടുംബ കൂട്ടായ്മകളുടെ നേതൃത്വത്തിലുള്ള മലയാറ്റൂർ തീർത്ഥാടനം 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. അതത് ഫൊറോനകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ തീർത്ഥാടനം നടത്തുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിൽ നിന്നും ചെയ്യുന്നതിന് ബഹു. വികാരിയച്ചന്മാരും കുടുംബ യൂണിറ്റ് ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ! അന്നേദിവസം വൈകുന്നേരം 4.00 മണിക്ക് തീർഥാടകർ മലയടിവാരത്ത് എത്തിച്ചേരേണ്ടതാണ്. ഓരോ ഫൊറോനയ്ക്കുമായി നിശ്ചയിച്ചിരിക്കുന്ന തീയതികൾ താഴെ ചേർക്കുന്നു.

**Malayattoor Pilgrimage Schedule for Foranes**

| | |
|---|---|
| **March 13** | - Angamaly, Paravur, Pallipuram, Koratty, |
| **March 20** | - Moozhikkulam, Thripunithura, Vallam, Mookkannoor |
| **March 27** | - Karukutty, Kanjoor, Ernakulam, Cherthala |
| **April 03** | - Manjapra, Edappally, Kizhakkambalam, Vaikom |

**Forane Directors of Family Unit Department**

| | |
|---|---|
| Rev. Fr. Antony Paravara | ANGAMALY |
| Rev. Fr. Anto Cheranthuruthy | CHERTHALA |
| Rev. Fr. Xavier Thelakkat (Sr.) | EDAPPALLY |
| Rev. Fr. Paul Madassery (Jr.) | ERNAKULAM |
| Rev. Fr. Amal Odanattu | KANJOOR |
| Rev. Fr. Jeslin Thettayil | KARUKUTTY |
| Rev. Fr. Sajo Padayattil | KIZHAKKAMBALAM |
| Rev. Fr. Paul Raj Kodiyan | KORATTY |
| Rev. Fr. Saju Koren | MANJAPARA |
| Rev. Fr. Paul (Disto) Kadalikkattil | MOOKKANNOOR |
| Rev. Fr. Michael Attummel | MOOZHIKIKULAM |
| Rev. Fr. Thomas Vaikathuparambil | PALLIPURAM |
| Rev. Fr. BaijuVadakkumchery | PARAVUR |
| Rev. Fr. Savy Padickaparambil | THRIPUNITHURA |
| Rev. Fr. Paul Kottackal | VAIKOM |
| Rev. Fr. Babu Kalathil | VALLAM |

**ഫാ. രാജൻ പുന്നയ്ക്കൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജനുവരി 2022**

31 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ബ. ആന്റോ ചാലിശ്ശേരി അച്ചന്റെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ പള്ളുരുത്തിയിലെ ഭവനത്തിൽ എത്തി മൃതസംസ്കാര കർമ്മത്തിന്റെ ആദ്യഭാഗം നടത്തി.

**ഫെബ്രുവരി 2022**

02 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ചേർത്തല ഗ്രീൻ ഗാർഡൻസ് ഹോസ്പിറ്റൽ കെട്ടിടത്തിന്റെയും എ.എസ്.എം.ഐ. ജനറലേറ്റ് കോൺവെന്റ് കെട്ടിടത്തിന്റെയും ശിലാസ്ഥാപനം നടത്തി. വൈകുന്നേരം തൈക്കാട്ടുശ്ശേരി പള്ളി തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

03 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം ഡൽഹി - ഫരീദാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര പിതാവിന്റെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ കരിപ്പാശ്ശേരിയിലെ ഭവനത്തിൽ എത്തി മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

04 ആന്റണി കരിയിൽ പിതാവ് രാവിലെ ഇടപ്പള്ളി എസ്.എ. ബി.എസ്. മഠത്തിൽ സിസ്റ്റർ ലിറ്റിൽ ഫ്ളവർ-ന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി അനുശോചനം രേഖപ്പെടുത്തി. വൈകുന്നേരം ബ. ജോസഫ് അറയ്ക്കപ്പറമ്പിൽ സി.എസ്.റ്റി. അച്ചന്റെ നിര്യാണത്തിൽ മൂക്കന്നൂർ ബേസിൽ ഭവനിൽ നടന്ന മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗം നടത്തി.

06 ആന്റണി കരിയിൽ പിതാവ് വൈകിട്ട് ബ. തോമസ് മഴുവഞ്ചേരി അച്ചന്റെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ തവളപ്പാറയിലെ ഭവനത്തിൽ എത്തി മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

07 ആന്റണി കരിയിൽ പിതാവ് ഉച്ചയ്ക്ക് ബ. ജോസഫ് കൊടിയൻ അച്ചന്റെ സഹോദരന്റെ നിര്യാണത്തിൽ ചേന്ദമംഗലത്തുള്ള ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി അനുശോചനം രേഖപ്പെടുത്തി.

08 ആന്റണി കരിയിൽ പിതാവ് ഉച്ചയ്ക്ക് കാഞ്ഞൂരിൽ ബ. ഫാ. ജോയി കരുമത്തി എസ്.ജെ. യുടെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി അനുശോചനം അറിയിച്ചു. വൈകിട്ട് എറണാകുളം സെന്റ് ഫ്രാൻസിസ് കത്തീഡ്രൽ പള്ളി വികാരി മോൺ. ജോസഫ് പടിയാരംപറമ്പിൽ-ന്റെ നിര്യാണത്തിൽ വരാപ്പുഴ അതിരൂപത കത്തീഡ്രൽ ദേവാലയത്തിലെത്തി ഒപ്പീസ് ചൊല്ലി അനുശോചനം അറിയിച്ചു.

12 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം ലിസി ജംഗ്ഷനിലെ എഫ്.സി.സി. മഠത്തിൽ സിസ്റ്റർ അലക്സിസ് എഫ്.സി.സി. യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി അനുശോചനം നേർന്നു. പഴങ്ങനാട് ബ. പോൾരാജ് കൊടിയൻ അച്ചന്റെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ വസതിയിലെത്തി ഒപ്പീസ് ചൊല്ലി അനുശോചനം അറിയിച്ചു.

12 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് മേവെള്ളൂർ ദേവാലയത്തിൽ നിര്യാതനായ ബ. പോൾ ചെമ്പോത്തനായിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച്, അവസാനഭാഗത്തെ തിരുക്കർമ്മങ്ങൾ നടത്തി.

13 ആന്റണി കരിയിൽ പിതാവ് രാവിലെ 10.30-ന് ആലങ്ങാട് കുന്നേൽ പള്ളിയിൽ ഉണ്ണീശോയുടെ തിരുനാളാഘോഷങ്ങളോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് ശിശുസമർപ്പണം നടത്തി.

18 ആന്റണി കരിയിൽ പിതാവ് രാവിലെ ശാന്തിപുരത്ത് ബ. അജോ മൂത്തേടൻ അച്ചന്റെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ വസതിയിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് എറണാകുളം ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന അതിരൂപതാ കൺസൾട്ടേഴ്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ 'സഹൃദയ'യുടെ ആഭിമുഖ്യത്തിൽ നടത്തിയ 'കോവിഡ് എമർജൻസി കിറ്റ്' വിതരണം ഉദ്ഘാടനം ചെയ്തു.

* * * * *

Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam<br>Major Archbishop's House, Ernakulam<br>P.B.No. 2580, Kochi 682031. |

I, Fr. Jose Pollayil, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 02/03/2022



At Lisie Hospital: Blessing and
Inauguration of MRI Machine and Station
on Saturday, 26-02-2022



*Viswasavanam* Inauguration
at Lisieu Nagar Church
on Sunday 27-02-2022



Blessing of St Augustine Nursery school,
and Parish Hall, Pazhanganad
on Thursday 24-02-2022

RNI No. 3421/57
Date of Publication: 01-03-2022

Registered: KL/EKM/746/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



*"Let us ask ourselves what type of words we use: words that express care, respect, understanding, closeness, compassion, or do we pollute the world by spreading venom: criticizing, complaining, feeding widespread aggression?"*

***POPE FRANCIS,***
***Twitter Message, 27 February 2022***

Printed and Published by Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Jose Pollayil